# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 460 — 04-07-2012-ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി. ശിവൻകുട്ടി :<br>ശ്രീ എ. പ്രദീപ് കുമാർ :<br>ശ്രീ ആർ. രാജേഷ് :<br>ശ്രീ റ്റി.വി. രാജേഷ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയെ മുൻനിർത്തി ഡി.ജി.പി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥികളുമായി പോകുന്ന വാഹനങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പോലീസ് പരിശോധിക്കാറുണ്ടോ ; | (എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയെ മുൻനിർത്തി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുമായി പോകുന്ന വാഹനങ്ങൾ, പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പോലീസ് പരിശോധിച്ചു വരുന്നുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്ത വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും ഡ്രൈവർമാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) പരിശോധനയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനകം എത്ര വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുകയുണ്ടായി ; എത്ര ഡ്രൈവർമാർക്കെതിരെ കേസുകൾ എടുത്തു ; | (ബി) പരിശോധനയുടെ ഭാഗമായി 23 വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും 23 ഡ്രൈവർമാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(സി) ഈ നിർദ്ദേശങ്ങൾക്കുശേഷം സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുമായി പോയ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെടുകയുണ്ടായി, എത്ര വിദ്യാത്ഥികൾ മരണപ്പെടുകയുണ്ടായി, നിർദ്ദേശം നടപ്പാക്കാത്തതിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടികളുണ്ടായി ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾക്കുശേഷം സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളുമായിപ്പോയ 43 വാഹനങ്ങൾ അപകടത്തിൽപ്പെടുകയും ഇതിൽ 11 കുട്ടികൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പോലീസുദ്യോഗസ്ഥർ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഡി.ജി.പിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂളിലേക്കും തിരിച്ചും കുട്ടികളെ വാഹനങ്ങളിൽ കൊണ്ടുപോകുന്നില്ലെന്നുറപ്പാക്കുമോ ?

(ഡി) നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പോലീസുദ്യോഗസ്ഥർ ജാഗ്രത പുലർത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എസ്.എച്ച്.ഒ മാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിച്ച് പ്രഥമ അദ്ധ്യാപകന്റെയും സഹ പ്രവർത്തകരുടെയും യോഗങ്ങൾ വിളിച്ചു കൂട്ടുകയും സ്കൂൾ കുട്ടികളുടെ സുരക്ഷയെപ്പറ്റി അവരിൽ അവബോധമുളവാക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്കൂളിലെ അദ്ധ്യാപകരിൽ ഒരാളെ "സ്കൂൾ സേഫ്റ്റി ഓഫീസറായി" നിയമിക്കുന്നതിനും സ്കൂൾ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും പ്രസ്തുത വാഹനങ്ങളിലെ സ്റ്റാഫുകളുടെ

വിവരങ്ങളും അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനായി എസ്.എച്ച്.ഒ മാർ സ്കൂളുകളിൽ ആകസ്മിക പരിശോധനകൾ നടത്തുന്നുണ്ട്. പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥൻമാർ സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി എസ്.എച്ച്.ഒ മാർ കൈക്കൊണ്ട നടപടികൾ പരിശോധിച്ച് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ജനമൈത്രി പോലീസ് എന്നിവ വഴി കുട്ടികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവത്ക്കരണവും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ